(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2315 വികലാംഗർക്ക് വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ നൽകിയിട്ടുണ്ട്. അത് ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്യൂൺ, വില്ലേജ്മാൻ, അറ്റൻഡർ, പെയിന്റർ, സ്റ്റെനോഗ്രാഫർ, ലാബ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിലേക്കാണ്.

വികലാംഗരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി

85 [3490] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, എറണാകുളം എന്നിവിടങ്ങളിലെ വികലാംഗരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ജീവനക്കാർക്ക് 2003 മാർച്ച് മാസം മുതൽ ശമ്പളം നൽകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശമ്പളം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ ശമ്പളം അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2001-2002 വരെ മാത്രമേ ഇതിനായി 80% കേന്ദ്ര സഹായം ലഭിച്ചിട്ടുള്ളൂ. 2003-2004-ലെ ബഡ്ജറ്റിൽ ടി സ്കീമിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലാണ് ശമ്പളം നൽകാത്തത്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത വിധവകൾ

86 [3491] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത വിധവകൾ എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) വിധവകൾക്ക് എംപ്ലോയ്മെന്റ് നിയമനങ്ങളിൽ എന്തെങ്കിലും മുൻഗണന ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) 2002 മാർച്ച് മുതൽ എത്ര വിധവകൾക്ക് എംപ്ലോയ്മെന്റ് വഴി നിയമനം നൽകി എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2003-ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് എംപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly